| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **വാർത്താക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
| --- | --- | --- |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **23rd July 2022** |


## തദ്ദേശ പൊതുതിരഞ്ഞെടുപ്പ് : സ്ഥാനാർത്ഥികളുടെ ചെലവ് കണക്ക് റിപ്പോർട്ട് 30 നകം നൽകണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ

2020 ൽ നടന്ന തദ്ദേശ പൊതുതിരഞ്ഞെടുപ്പിലെ ചെലവ് കണക്ക് സമർപ്പിക്കാതിരുന്നവരെ അയോഗ്യരാക്കുന്നതിനുള്ള കരട് ലിസ്റ്റിൽ ഉൾപ്പെട്ടവർ നൽകിയ വിശദീകരണവും ചെലവ് കണക്കും ജൂലൈ 30 നകം കമ്മീഷനിൽ ലഭ്യമാക്കാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരോട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിച്ചു. 30 ന് ശേഷം ലഭിക്കുന്നവ ഒരു കാരണവശാലും പരിഗണിക്കുന്നതല്ലായെന്നും അറിയിച്ചു.

കരട് ലിസ്റ്റ് കമ്മീഷന്റെ വെബ്സൈറ്റിൽ (https://www.sec.kerala.gov.in) ജൂലൈ 5 ന് പ്രസിദ്ധീകരിച്ചിരുന്നു. ലിസ്റ്റിൽ ഉൾപ്പെട്ടവർ പത്ത് ദിവസത്തിനകം കണക്കോ കാരണമോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് നൽകാൻ അറിയിച്ചിരുന്നു. അത് പ്രകാരം ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളാണ് 30 നകം ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദേശിച്ചിട്ടുള്ളത്.

ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ജില്ലാ കളക്ടറാണ്. ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുമാണ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ.

*(എസ്.ഇ.സി.27/2022)*